**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6355 21.11.2019-ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് ഉത്തരവ് പ്രകാരം പെട്രോൾ പമ്പ്**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതുതായി പെട്രോൾ പമ്പ് ആരംഭിക്കുന്നതിന് ഐ.ആർ.സി. വ്യവസ്ഥകൾ എന്നുമുതലാണ് ബാധകമാക്കിയിട്ടുള്ളത്; ഇതുസംബന്ധിച്ച് 22.10.19 -ന് പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | കാലങ്ങളായി പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം പെട്രോൾ പമ്പിന് NOC നൽകുന്നതിന് IRC വ്യവസ്ഥകളാണ് മാനദണ്ഡമായി സ്വീകരിച്ച് വരുന്നത്. പി.ഡബ്ല്യൂ.ഡി മാന്വലിന്റെ അനുബന്ധത്തിൽ IRC 12-2016 ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി. 22/10/2019 ന് ജി.ഒ(എം.എസ്) നം. 46/2019/പി.ഡബ്ല്യൂ.ഡി.ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ 24/07/2013 ലെ RW/NH -33023/19/99-DO-III നമ്പർ കത്ത് പ്രകാരമുള്ള വ്യവസ്ഥകളാണ് ദേശീയപാതയുടെ വശങ്ങളിലെ പമ്പുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചു വരുന്നത്. |
| (ബി) | 22.10.2019-ന് മുൻപായി സംസ്ഥാനത്ത് ആരംഭിച്ച പെട്രോൾ പമ്പുകൾക്ക് ഏതെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് എൻ.ഒ.സി. നൽകിയിട്ടുള്ളത്; | (ബി) | 22/10/2019 - ന മുമ്പ് പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം IRC മാനദണ്ഡങ്ങൾക്ക് വിധേയമായാണ് പെട്രോൾ പമ്പുകൾക്ക് NOC നൽകിയിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് പെട്രോൾ പമ്പുകൾ ആരംഭിക്കുന്നതിന് ഐ.ആർ.സി. വ്യവസ്ഥകൾ ബാധകമാക്കേണ്ടതില്ലെന്ന് ഹൈക്കോടതിയുടെ വിധി ഉണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | സംസ്ഥാനത്ത് പെട്രോൾ പമ്പുകൾ ആരംഭിക്കുന്നതിന് IRC വ്യവസ്ഥകൾ ബാധകമാക്കേണ്ടതില്ലെന്ന പൊതുവായ ഒരു ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടില്ല. |
| (ഡി) | എൻ.ഒ.സി. ലഭിക്കുന്നതിന് 22.10.2019-ലെ GO(Ms) No. 46/2019/PWD ഉത്തരവിന് മുമ്പായി അപേക്ഷിച്ചവർക്ക് എൻ.ഒ.സി. നൽകുന്നത് പരിഗണിക്കുമോ? | (ഡി) | പ്രസ്തുത സർക്കാർ ഉത്തരവ് ഇറങ്ങുന്നതിന് മുൻപും പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം IRC മാനദണ്ഡം പാലിച്ച വരുന്ന അപേക്ഷയിന്മേൽ മാത്രമേ NOC അനുവധിച്ച് നൽകിയിട്ടുള്ളൂ. തുടർന്നും IRC മാനദണ്ഡങ്ങൾ പാലിച്ച വരുന്ന അപേക്ഷകളിൽ NOC അനുവദിച്ച നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ